**കോവിഡ് - 19 വ്യാപനത്തിന്റെ സാഹചര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷകൾ ഗവൺമെന്റിന്റെ കോവിഡ് പ്രോട്ടോക്കോൾ കൃത്യമായി പാലിച്ചുകൊണ്ട് നടത്തുന്നതിനായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.**

1. ക്വാറന്റയിനിൽ കഴിയുന്ന ഉദ്യോഗാർത്ഥികൾ ഇത് സംബന്ധിച്ച് വെള്ളപേപ്പറിൽ സത്യവാങ് മൂലം ചീഫ് സൂപ്രണ്ടിന് നൽകേണ്ടതാണ്.

2. Covid 19 പോസിറ്റീവ് ആയ ഉദ്യോഗാർത്ഥികൾ,

   a) e.mail മുഖേന (jointce.psc@kerala.gov.in) ബന്ധപ്പെട്ട രേഖകൾ സഹിതം മുൻകൂട്ടി അപേക്ഷ നൽകേണ്ടതാണ്.

   b) ടി ഉദ്യോഗാർത്ഥികൾ പരീക്ഷ എഴുതുവാൻ അനുവദിച്ചുകൊണ്ടുള്ള ആരോഗ്യ വകുപ്പിന്റെ അനുമതി പത്രം, കോവിഡ് 19 പോസിറ്റീവ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

   c) ടി ഉദ്യോഗാർത്ഥികളെ ആരോഗ്യപ്രവർത്തകനൊപ്പം മെഡിക്കൽ ആംബുലൻസിൽ എത്തിയാൽ മാത്രമേ പരീക്ഷ എഴുതുവാൻ അനുവദിക്കുകയുള്ളൂ.

   d) ഇത്തരം ഉദ്യോഗാർത്ഥികൾ പരീക്ഷാകേന്ദ്രത്തിൽ ചീഫ് സൂപ്രണ്ട് നിർദ്ദേശിക്കുന്ന സ്ഥലത്ത് ആംബുലൻസിൽ ഇരുന്ന് പരീക്ഷ എഴുതേണ്ടതാണ്.

   e) കോവിഡ് പോസിറ്റീവ് ഉദ്യോഗാർത്ഥികളുടെ ഐഡന്റിറ്റി തെളിയിക്കുന്നതിന് ബന്ധപ്പെട്ട ഡോക്ടറുടെ സാക്ഷ്യപത്രം അഡ്മിഷൻ ടിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഹാജരാക്കേണ്ടതാണ്.

3 മറ്റു സംസ്ഥാനങ്ങളിൽ നിന്നും പരീക്ഷ എഴുതുവാൻ എത്തുന്നവർ പരീക്ഷ കഴിഞ്ഞ് രണ്ട് ദിവസത്തിനുള്ളിൽ തിരികെ പോകുമെന്ന സത്യവാങ് മൂലം കേരള പബ്ലിക് സർവീസ് കമ്മീഷനു നൽകേണ്ടതാണ്.

4) ഇന്ത്യയ്ക്കു പുറത്തുള്ള രാജ്യങ്ങളിൽ നിന്നും വരുന്ന ഉദ്യോഗാർത്ഥികൾ കോവിഡ് പ്രോട്ടോക്കോൾ സംബന്ധിച്ച് ഗവൺമെന്റ് നൽകിയിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും കൃത്യമായും പാലിക്കേണ്ടതാണ്.